"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - 'പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന' (PMMSY) 2025-26- സമുദ്ര ജൈവവൈവിധ്യ സംരക്ഷണത്തിനായി ട്രോളറുകളിൽ Turtle Excluder Device (TED കൾ) ഘടിപ്പിക്കുന്നതിനാവശ്യമായ സംസ്ഥാന വിഹിതമായ തുക PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി - അനുവദിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**G.O.(Rt)No.226/2026/F&P** തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. 05.10.2025 -ലെ J-01013/131/2025-FY നമ്പർ കേന്ദ്ര സർക്കാർ കത്ത്.

2. 14.01.2026 -ൽ ഫിഷറീസ് ഡയറക്ടറിൽ നിന്നുള്ള DFTVM/4182/2023-G2 നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പത യോജന (PMMSY) പ്രകാരം 34,64,00,000/- (മുപ്പത്തിനാല് കോടി അറുപത്തിനാല് ലക്ഷം രൂപ) കേന്ദ്ര വിഹിതത്തോടെ 57,72,63,000/- രൂപയിൽ (അമ്പത്തിയേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അറുപത്തിമൂവായിരം രൂപ മാത്രം) കവിയാത്ത മൊത്തം ചെലവിൽ ട്രോളറുകളിൽ ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസുകൾ ഘടിപ്പിക്കുന്നതിനായി കേരളം ഉൾപ്പടെ 8 സംസ്ഥാനങ്ങൾ സമർപ്പിച്ച പദ്ധതി പ്രൊപ്പോസലുകൾ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ ഭരണാനുമതി നൽകുകയും സംസ്ഥാനത്തിന് 2599 യൂണിറ്റുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൻ്റെ അടിസ്ഥാനത്തിൽ ആകെ പദ്ധതി ചെലവ് 6.1038 കോടി രൂപയാണ്. പദ്ധതിയുടെ ഭരണ ചെലവ് (Administrative Expense) ആയ 0.1526 കോടി രൂപ ഉൾപ്പെടെ പദ്ധതിയുടെ ആകെ ചെലവ് 6.2564 കോടി രൂപയാണ്. പ്രസ്തുത തുകയിലെ 3.75 കോടി രൂപ (60%) കേന്ദ്ര സർക്കാർ വിഹിതവും, 2.50 കോടി രൂപ (40%) സംസ്ഥാന സർക്കാർ വിഹിതവുമാണ്.

2. സമുദ്ര ജൈവവൈവിധ്യ സംരക്ഷണത്തിനായി ടോളറുകളിൽ 2,599 TED

ഘടിപ്പിക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപെടുത്തി 2405-00-103-77 ശീർഷകത്തിൽ ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രസർക്കാർ നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, സമുദ്ര ജൈവവൈവിധ്യ സംരക്ഷണത്തിനായി ടോളറുകളിൽ 2599 TED ഘടിപ്പിക്കുന്നതിനാവശ്യമായി വരുന്ന വിഹിതമായ 6.2564 കോടി രൂപ (including both State and Central share) PMMSY പദ്ധതിയിൽ ഉൾപെടുത്തി 2405-00-103-77 എന്ന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ABDUL NASAR B I A S**
**SPECIAL SECRETARY**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (24.02.2026-ലെ 3409029/WCD-2/29/2026/ഫിൻ നമ്പർ പ്രകാരം)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Biju. K
Date: 11-03-2026 17:38:21
സെക്ഷൻ ഓഫീസർ